വൺപ്രൊട്ടക്റ്റ്
ഉപഭോക്താവിനുള്ള വിവര പത്രിക

ഈ രേഖ നിങ്ങളുടെ പോളിസിയെക്കുറിച്ചുള്ള പ്രധാനപ്പെട്ട വിവരങ്ങൾ നൽകുന്നു. നിങ്ങളുടെ പോളിസി രേഖയും പോളിസി ഷെഡ്യൂളും വായിച്ചു നോക്കുന്നതിനായി നിങ്ങളോട് നിർദ്ദേശിക്കുന്നു.

ക്രമ നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
1	**ഇൻഷുറൻസ് ഉൽപ്പന്നത്തിന്റെ പേര്**	**വൺപ്രൊട്ടക്റ്റ്**	
2	**പോളിസി നമ്പർ**	XXXXX	
3	**ഇൻഷുറൻസ് ഉൽപ്പന്നത്തിന്റെ തരം**	ഇൻഡെംനിറ്റിയും ആനുകൂല്യവും	
4	**മൊത്തം ഇൻഷുറൻസ് തുക അടിസ്ഥാനം**	വ്യക്തിഗത മൊത്തം ഇൻഷുറൻസ് തുക സ്വന്തം – XXXXX പങ്കാളി – XXXXX കുട്ടി 1 – XXXXX കുട്ടി 2 – XXXXX കുട്ടി 3 – XXXXX രക്ഷകർത്താവ് 1/ജീവിത പങ്കാളിയുടെ രക്ഷകർത്താവ് 1 – XXXXX രക്ഷകർത്താവ് 2/ജീവിത പങ്കാളിയുടെ രക്ഷകർത്താവ് 2 – XXXXX സഹോദരൻ – XXXXX സഹോദരി – XXXXX	
5	**പോളിസി പരിരക്ഷ** (പോളിസി പരിരക്ഷ നൽകുന്നത് എന്തിനൊക്കെയാണ്?) (പോളിസി ക്ലോസ് നമ്പർ/കൾ)	**ഇനിപ്പറയുന്നവയുമായി ബന്ധപ്പെട്ട ചെലവുകൾ:** **അപകട മരണം** – ഇൻഷ്വർ ചെയ്ത തുകയുടെ 100% എ. മരണം – മരണത്തിന്റെ ഏകവും നേരിട്ടുള്ളതുമായ കാരണമാണെങ്കിൽ, അപകടം നടന്ന തീയതി മുതൽ 365 ദിവസത്തിനുള്ളിലായി മരണം സംഭവിക്കുകയാണെങ്കിൽ, അപകടത്തെത്തുടർന്നുള്ള മരണത്തിന് പരിരക്ഷ നൽകുന്നു. ബി. കാണാതെയാകൽ – ഒരു യാത്രക്കാരനായി യാത്ര ചെയ്യുന്നതിനിടയിൽ ഒരു വാഹനം ലാൻഡ് ചെയ്യുന്നതിന് നിർബന്ധിതമാകുകയോ ഒറ്റപ്പെട്ടുപോകുകയോ മുങ്ങിപ്പോകുകയോ തകർന്നു പോകുകയോ അല്ലെങ്കിൽ ദൈവത്താലുള്ള മറ്റേതെങ്കിലും തരത്തിലുള്ള സംഭവങ്ങൾക്ക് ശേഷം 365 ദിവസത്തിന് ശേഷവും മൃതദേഹം കണ്ടെത്തുന്നതിന് കഴിയുന്നില്ലെങ്കിൽ, കാണാതെയാകുന്ന സംഭവത്തിന് ഇൻഷുറൻസ് പരിരക്ഷ നൽകപ്പെടുന്നു.	വിഭാഗം 2. ആനുകൂല്യങ്ങൾ
		അപകട മരണം (പൊതുജന ഉപയോഗത്തിനുള്ള വാഹനത്തിൽ) – പോളിസി കാലയളവിൽ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി പൊതുജന ഉപയോഗത്തിനുള്ള ഒരു വാഹനത്തിൽ യാത്രാക്കൂലി നൽകി യാത്ര ചെയ്യുന്ന ഒരു യാത്രക്കാരനായിരിക്കെ ഒരു അപകടം സംഭവിക്കുകയും അപകടം നടന്ന തീയതി മുതൽ 365 ദിവസത്തിനുള്ളിൽ അത്തരം പരിക്കുകൾ മൂലം മാത്രമായും നേരിട്ട് കാരണമായും ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ മരണത്തിൽ കലാശിക്കുകയും ചെയ്യുമ്പോൾ, മൊത്തം ഇൻഷുറൻസ് പരിരക്ഷയുടെ തുകയുടെ 200% അല്ലെങ്കിൽ 10 കോടി രൂപ, ഏതാണോ കുറവ്, ആ തുക.	

മാഗ്മ ജനറൽ ഇൻഷുറൻസ് ലിമിറ്റഡ് (മുൻപ് മാഗ്മ എച്ച്ഡിഐ ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്) www.magmainsurance.com | ഇ-മെയിൽ: customercare@magmainsurance.com | ടോൾ ഫ്രീ: 1800 266 3202 | രജിസ്റ്റർ ചെയ്ത ഓഫീസ്: ഇക്വിനോക്സ് ബിസിനസ് പാർക്ക്, ടവർ 3, അംബേദ്ക്കർ നഗർ, രണ്ടാം നില, യൂണിറ്റ് നമ്പർ 1ബി & 2ബി, എൽബിഎസ് മാർഗ്, കുർള (വെസ്റ്റ്), മുംബൈ 400070, മഹാരാഷ്ട്ര, ഇന്ത്യ | സിഐഎൻ: U66000MH2009PLC460693 | ഐആർഡിഎഐ രജിസ്ട്രേഷൻ നമ്പർ 149 | വൺപ്രൊട്ടക്റ്റ് | ഉൽപ്പന്ന യുഐഎൻ: MAGPAIP25036V012425 | ഒഴിവാക്കലുകൾ, അപകടസാദ്ധ്യതാഘടകങ്ങൾ, നിബന്ധനകളും വ്യവസ്ഥകളും എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങളുടെ പൂർണ്ണമായ പട്ടികയ്ക്കായി, വാങ്ങുന്നതിനായി അന്തിമ തീരുമാനമെടുക്കുന്നതിന് മുമ്പ് ദയവായി പോളിസി രേഖകൾ വായിക്കുക. | പ്രദർശിപ്പിച്ചിരിക്കുന്ന വ്യാപാര ലോഗോ മാഗ്മ വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റേതായിരിക്കുകയും ലൈസൻസിന് കീഴിൽ മാഗ്മ ജനറൽ ഇൻഷുറൻസ് ലിമിറ്റഡ് ഉപയോഗിക്കുകയും ചെയ്യുന്നു. | ഞങ്ങളുടെ വെബ്സൈറ്റിൽ മിറ-യുമായി ചാറ്റ് ചെയ്യുക അല്ലെങ്കിൽ വാട്ട്സ്ആപ്പ് നമ്പർ 7208976789-ൽ (CIS.AS.ver28.11.25)-ൽ ''ഹായ്'' എന്ന് അയയ്ക്കുകയും ചെയ്യുക.

ക്രമ നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		സ്ഥിരമായ ആകമാന ശാരീരിക വൈകല്യം – ഒരു അപകടം സംഭവിക്കുകയും അപകടം നടന്ന തീയതി മുതൽ 365 ദിവസത്തിനുള്ളിൽ, അപകടം മൂലം മാത്രമായും നേരിട്ട് കാരണമായും ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയ്ക്ക് സ്ഥിരമായ ശാരീരിക വൈകല്യം ഉണ്ടാകുകയും ചെയ്യുമ്പോൾ, മൊത്തം ഇൻഷുറൻസ് പരിരക്ഷയുടെ തുകയുടെ 100% ആകമാന ശാരീരിക വൈകല്യത്തിനുള്ള പരിരക്ഷ നൽകുന്നു.	
		സ്ഥിരമായ ഭാഗിക വൈകല്യം – ഒരു അപകടം സംഭവിക്കുകയും അപകടം നടന്ന തീയതി മുതൽ 180 ദിവസത്തിനുള്ളിൽ, അപകടം മൂലം മാത്രമായും നേരിട്ട് കാരണമായും ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയ്ക്ക് സ്ഥിരമായ ഭാഗിക ശാരീരിക വൈകല്യം ഉണ്ടാകുകയും ചെയ്യുമ്പോൾ മൊത്തം ഇൻഷുറൻസ് പരിരക്ഷയുടെ തുകയുടെ % സ്ഥിരമായ ഭാഗിക വൈകല്യത്തിനുള്ള പരിരക്ഷ നൽകുന്നു.	
		ആംബുലൻസ് ചെലവ് – രൂ 25,000 വരെ അല്ലെങ്കിൽ യഥാർത്ഥ തുക, ഏതാണോ കുറവ് ആ തുക വരെ. ഒരു അപകടമുണ്ടായാൽ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയെ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനുള്ള ആംബുലൻസ് സേവനത്തിന്റെ ഉപയോഗത്തിനുള്ള പരിരക്ഷ നൽകുന്നു.	
		അപകടം മൂലമുള്ള ആശുപത്രി വാസത്തിന്റെ ചെലവുകൾ – മൊത്തം ഇൻഷുറൻസ് തുകയുടെ 20% വരെ അല്ലെങ്കിൽ 5 ലക്ഷം രൂപ വരെ അല്ലെങ്കിൽ യഥാർത്ഥ തുക, ഏതാണോ കുറവ് ആ തുക വരെ. പോളിസി ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള ആശുപത്രി വാസത്തിന്റെ പരിധി വരെ ആശുപത്രിയിൽ കിടത്തി ചികിൽസിക്കുന്ന രോഗി എന്ന നിലയിൽ 24 മണിക്കൂർ സമയത്തേക്ക് അപകടം മൂലമുള്ള ആശുപത്രി വാസത്തിന് പരിരക്ഷ നൽകുന്നു.	
		ശവസംസ്കാര ആനുകൂല്യങ്ങളും ഭൗതിക ശരീരാവശിഷ്ടങ്ങൾ സ്വദേശത്തേക്ക് കൊണ്ടുപോകലും – മൊത്തം ഇൻഷുറൻസ് തുകയുടെ 1%, പരമാവധി രൂ. 50,000 എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ശവസംസ്കാരവുമായും അപകടസ്ഥലത്ത് നിന്ന് താമസസ്ഥലത്തേക്ക് ഭൗതിക ശരീരാവശിഷ്ടങ്ങൾ കൊണ്ടുപോകുന്നതുമായും ബന്ധപ്പെട്ട ചെലവുകൾക്കുള്ള പരിരക്ഷ.	
		ആശുപത്രി ഡെയ്‌ലി ക്യാഷ് – മൊത്തം ഇൻഷുറൻസ് തുകയുടെ 0.5% അല്ലെങ്കിൽ പ്രതിദിനം പരമാവധി രൂ. 10,000, ഏതാണോ കുറവ് അത്, പരമാവധി 30 ദിവസം വരെ. അപകടം മൂലമുള്ള ആശുപത്രി വാസത്തിന് പരമാവധി 30 ദിവസം വരെ പ്രതിദിന ആനുകൂല്യം നൽകുന്നു.	
		ക്രച്ചസുകളുടെ/വീൽചെയറിന്റെ വില – മൊത്തം ഇൻഷുറൻസ് തുകയുടെ 5% അല്ലെങ്കിൽ പരമാവധി രൂ. 1 ലക്ഷം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി യഥാർത്ഥ തുക. അപകടത്തിൽ അവയവഛേദനം, സ്ഥിരമായ പൂർണ്ണ ശാരീരിക വൈകല്യം അല്ലെങ്കിൽ സ്ഥിരമായ ഭാഗിക ശാരീരിക വൈകല്യം എന്നിവ മൂലമുണ്ടാകുന്ന ശാരീരിക വൈകല്യം കാരണമായി ആവശ്യമായി വരുന്ന ക്രച്ചസുകളുടെ/വീൽ ചെയറിന്റെ ചെലവുകൾക്കുള്ള പരിരക്ഷ നൽകുന്നു.	
		കൃത്രിമ കൈകാലുകളുടെ വില – മൊത്തം ഇൻഷുറൻസ് തുകയുടെ 10% അല്ലെങ്കിൽ പരമാവധി രൂ. 1 ലക്ഷം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി യഥാർത്ഥ തുക. അപകടം മൂലമുള്ള ശാരീരിക വൈകല്യം കാരണം ആവശ്യമായി വരുന്ന കൃത്രിമ കൈകാലുകളുടെ ചെലവുകൾക്കുള്ള പരിരക്ഷ നൽകുന്നു.	
		ഓപ്ഷണൽ കവറുകൾ	
		കോമയിൽ ആയിത്തീരുന്നുവെങ്കിലുള്ള ആനുകൂല്യം – രൂ. 5 ലക്ഷം വരെ, മൊത്തം ഇൻഷുറൻസ് തുകയുടെ 10%, ഏതാണോ കുറവ് അത്. അപകടം മൂലം മാത്രമായും നേരിട്ട് കാരണമായും ആണ് മരണം സംഭവിക്കുന്നതെങ്കിലും അപകടത്തിന്റെ തീയതി മുതൽ 30 ദിവസത്തിനുള്ളിൽ സംഭവിക്കുകയാണെങ്കിലും, അപകടം മൂലമുള്ള കോമറ്റോസിന് പരിരക്ഷ നൽകുന്നു.	
		പൊള്ളലുകൾ – പരമാവധി രൂ. 10 ലക്ഷം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, പോളിസി രേഖയിൽ വ്യക്തമാക്കിയിട്ടുള്ള %. അപകടം മൂലമുള്ള പൊള്ളലേൽക്കുന്നതിൽ കലാശിക്കുന്ന ശാരീരിക ക്ഷതത്തിന് പരിരക്ഷ നൽകുന്നു; എന്നാൽ, നിങ്ങൾക്ക് ഉണ്ടാകുന്ന പരിക്ക് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന നഷ്ടങ്ങളിലൊന്നിൽ കലാശിക്കുന്നതായിരിക്കണം.	

ക്രമ നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		ഒടിവുണ്ടായിട്ടുള്ള അസ്ഥികൾ – പരമാവധി രൂ. 10 ലക്ഷം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, പോളിസി രേഖയിൽ വ്യക്തമാക്കിയിട്ടുള്ള %. അപകടം മൂലം അസ്ഥികൾക്ക് ഒടിവ് സംഭവിക്കുന്നതിന് കാരണമാകുന്ന ശാരീരിക ക്ഷതത്തിന് പരിരക്ഷ നൽകുന്നു; എന്നാൽ, നിങ്ങൾക്ക് ഉണ്ടാകുന്ന പരിക്ക് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന നഷ്ടങ്ങളിലൊന്നിൽ കലാശിക്കുന്നതായിരിക്കണം.	
		താൽക്കാലികമായ ആകമാന വൈകല്യം – 104 ആഴ്ച വരെ മൊത്തം ഇൻഷുറൻസ് തുകയുടെ 1% അല്ലെങ്കിൽ ആഴ്ചയിൽ രൂ. 50,000 അല്ലെങ്കിൽ യഥാർത്ഥ തുക, ഏതാണോ കുറവ് അത്. അപകടം മൂലമുണ്ടാകുന്ന വൈകല്യം മൂലമുള്ള ശമ്പള നഷ്ടം നികത്താൻ ഇൻഷുറൻസ് പരിരക്ഷയുള്ളയാൾക്ക് ഒരു പ്രതിവാര അലവൻസ് നൽകും.	
		അപകടം മൂലമുള്ള ആശുപത്രി വാസത്തിന്റെ ചെലവുകൾ (മെഡെക്സ് - ഗ്ലോബൽ) – മൊത്തം ഇൻഷുറൻസ് തുകയുടെ 30% വരെ അല്ലെങ്കിൽ 10 ലക്ഷം രൂപ അല്ലെങ്കിൽ യഥാർത്ഥ തുക, ഏതാണോ കുറവ്, ആ തുക. ഈ ഓപ്ഷൻ ഉപയോഗിക്കുമ്പോൾ, ലോകത്തിലെവിടെയും സംഭവിക്കുന്ന അപകടം മൂലമുള്ള ആശുപത്രി വാസത്തിന്റെ ചെലവുകൾ (മെഡെക്സ്) എന്ന വിഭാഗത്തിന് കീഴിലുള്ള മെഡിക്കൽ ചെലവുകൾ ഞങ്ങൾ നൽകും.	
		അപകട ഇൻഷുറൻസ് പുതുക്കൽ പ്രീമിയം – മൊത്തം ഇൻഷുറൻസ് തുക രൂ. 5 ലക്ഷത്തിന്. ഇൻഷുറൻസ് പരിരക്ഷയുള്ള പോളിസി ഉടമയ്ക്ക് അപകട മരണ പരിരക്ഷയ്ക്ക് കീഴിൽ ക്ലെയിം സ്വീകരിക്കപ്പെടുന്ന സാഹചര്യത്തിൽ, പോളിസി ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്നതുപോലെ അതേ പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇൻഷുറൻസ് പരിരക്ഷയുള്ള മറ്റെല്ലാ വ്യക്തികൾക്കും പരിരക്ഷയുടെ പുതുക്കൽ പ്രീമിയത്തിന് തുല്യമായ തുക ഞങ്ങൾ നൽകും.	
		ഡ്രൈവർക്കായുള്ള ആനുകൂല്യം – 10 ദിവസത്തേക്ക് മൊത്തം ഇൻഷുറൻസ് തുകയുടെ 1% വരെ അല്ലെങ്കിൽ പ്രതിദിനം 5,000 രൂപ, ഏതാണോ കുറവ് ആ തുക. പോളിസി കാലയളവിൽ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് താൽക്കാലിക പൂർണ്ണ ശാരീരിക വൈകല്യത്തിന് കാരണമാകുന്ന ക്ഷതമേൽക്കുന്നുവെങ്കിൽ, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് യാത്ര ചെയ്യുന്നതിനായി വാഹനം വാടകയ്ക്ക് വിളിക്കുന്നതിന് അല്ലെങ്കിൽ ഒരു ഡ്രൈവറെ നിയുക്തമാക്കുന്നതിന് വേണ്ട ദൈനംദിന ചെലവിന്റെ തുക ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് ഞങ്ങൾ മടക്കി നൽകും.	
		മാതാപിതാക്കളുടെ ശുശ്രൂഷാ ആനുകൂല്യം – പരമാവധി 2 മാതാപിതാക്കൾക്ക് ഓരോ പോളിസിക്കും മൊത്തം ഇൻഷുറൻസ് തുകയുടെ 10% അല്ലെങ്കിൽ പരമാവധി രൂ. 10 ലക്ഷം എന്ന വ്യവസ്ഥയുടെ കീഴിൽ ഏതാണോ കുറവ്, ആ തുക. ഒരു ക്ലെയിം സ്വീകരിക്കപ്പെടുന്നുവെങ്കിൽ, ആശ്രിതരായ മാതാപിതാക്കൾക്ക് ഞങ്ങൾ ഒറ്റത്തവണയായുള്ള ആനുകൂല്യം നൽകും.	
		രക്തം വാങ്ങൽ – യഥാർത്ഥ തുക അല്ലെങ്കിൽ പരമാവധി രൂ. 5,000, ഏതാണോ കുറവ്, ആ തുക. എഡി, പിടിഡി, പിപിഡി അല്ലെങ്കിൽ ടിടിഡി പ്രകാരം സാധുതയുള്ള ഒരു ക്ലെയിം ഞങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ, ഒരു അപകടത്തെത്തുടർന്ന് ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ ആവശ്യമായ മെഡിക്കൽ അല്ലെങ്കിൽ ശസ്ത്രക്രിയാ ചികിൽസയ്ക്കായി ഒരു ആശുപത്രി അല്ലെങ്കിൽ നിയമാനുസൃത രക്തബാങ്ക് വഴി രക്തം വാങ്ങുന്നതിന് ഉണ്ടായ ചെലവുകളുടെ തുക ഞങ്ങൾ തിരികെ നൽകും.	
		കുടുംബത്തിന്റെ യാത്ര ചെയ്യൽ – യഥാർത്ഥ തുക അല്ലെങ്കിൽ പരമാവധി രൂ. 50,000, ഏതാണോ കുറവ്, ആ തുക. എഡി അല്ലെങ്കിൽ ടിഡി പ്രകാരം ഒരു ക്ലെയിം ഞങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ, അടുത്ത ഒരു കുടുംബാംഗത്തെ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവുകളുടെ തുക ഞങ്ങൾ തിരികെ നൽകും.	
		താമസസ്ഥലത്തിന്റെയോ വാഹനത്തിന്റെയോ പരിഷ്കരിക്കൽ – യഥാർത്ഥ തുക അല്ലെങ്കിൽ പരമാവധി രൂ. 2.5 ലക്ഷം ഏതാണോ കുറവ്, ആ തുക. ടിഡി പ്രകാരം ഒരു ക്ലെയിം ഞങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ താമസസ്ഥലമോ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ വാഹനമോ പരിഷ്കരിക്കുന്നതിന് ഉണ്ടാകുന്ന ന്യായമായ ചെലവുകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകപ്പെടും.	

ക്രമ നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		സാഹസിക കായിക വിനോദങ്ങൾ – മൊത്തം ഇൻഷുറൻസ് തുകയുടെ 100%. പരിശീലനം ലഭിച്ച ഒരു പ്രൊഫഷണലിന്റെ മേൽനോട്ടത്തിലും പ്രൊഫഷണൽ അല്ലാത്ത നിലയിലും സാഹസിക കായിക വിനോദങ്ങളിൽ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി ഏർപ്പെട്ടിരിക്കുമ്പോൾ പോളിസി കാലയളവിൽ അപകടത്തിൽ മരണമടഞ്ഞാൽ പോളിസി ഷെഡ്യൂളിൽ നിർവചിച്ചിരിക്കുന്നതുപോലെ മൊത്തം ഇൻഷുറൻസ് തുക വരെയുള്ള ആനുകൂല്യം.	
		സാഹസിക കായിക വിനോദങ്ങൾ – മൊത്തം ഇൻഷുറൻസ് തുകയുടെ 100%. പരിശീലനം ലഭിച്ച ഒരു പ്രൊഫഷണലിന്റെ മേൽനോട്ടത്തിലും പ്രൊഫഷണൽ അല്ലാത്ത നിലയിലും, സാഹസിക കായിക വിനോദങ്ങളിൽ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി ഏർപ്പെട്ടിരിക്കുമ്പോൾ പോളിസി കാലയളവിൽ അപകടത്തിൽ മരണമടയുന്നുവെങ്കിലും സ്ഥിരമായ ആകമാന ശാരീരിക വൈകല്യമുണ്ടാകു ന്നുവെങ്കിലും പോളിസി ഷെഡ്യൂളിൽ നിർവചിച്ചിരിക്കുന്നതുപോലെ മൊത്തം ഇൻഷുറൻസ് തുക വരെയുള്ള ആനുകൂല്യം.	
		അടിയന്തിര എയർ ആംബുലൻസ് ചാർജുകൾ – യഥാർത്ഥ തുക അല്ലെങ്കിൽ പരമാവധി രൂ. 5 ലക്ഷം, ഏതാണോ കുറവ്, ആ തുക. അപകടത്തെത്തുടർന്ന് അടിയന്തര സാഹചര്യങ്ങളിൽ ചികിൽസയ്ക്കായി വിമാനത്തി ലോ ഹെലികോപ്റ്ററിലോ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയെ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവുകൾ	
		ഇറക്കുമതി ചെയ്ത മരുന്നുകളുടെ ഗതാഗതം – യഥാർത്ഥ തുക അല്ലെങ്കിൽ പരമാവധി രൂ. 20000, ഏതാണ് കുറവ്, ആ തുക. എഡി, പിടിഡി, പിപിഡി അല്ലെങ്കിൽ ടിടിഡി പ്രകാരം സാധുതയുള്ള ഒരു ക്ലെയിം ഞങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ, മരുന്നുകൾ ഇൻഡ്യയിൽ ലഭ്യമല്ലാതിരിക്കുകയും വൈദ്യ ചികിൽസാപരമായി അവ ആവശ്യമായി വരികയും ചെയ്യുന്ന പക്ഷം, ഇൻഡ്യയിലേക്ക് അത്തരം മരുന്നുകൾ ഇറക്കുമതി ചെയ്യുന്നതിനുള്ള ചരക്ക് ചാർജുകൾക്കായി ചെലവാക്കപ്പെട്ട തുക ഞങ്ങൾ തിരികെ നൽകും.	
		കുട്ടികൾക്കുള്ള വിവാഹ ഫണ്ട് – ഓരോ പോളിസിക്കും പരമാവധി രൂ. 10 ലക്ഷം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, മൊത്തം ഇൻഷുറൻസ് തുകയുടെ 10% അല്ലെങ്കിൽ ഏതാണോ കുറവ്, ആ തുക. അപകട മരണം അല്ലെങ്കിൽ സ്ഥിരമായ ആകമാന ശാരീരിക വൈകല്യം (പിടിഡി)-ത്തിന് കീഴിലായി ഞങ്ങൾ ഒരു ക്ലെയിം സ്വീകരിച്ചിട്ടുണ്ടെങ്കിൽ, അവിവാഹിതരായ ആശ്രിത കുട്ടികളുടെ വിവാഹ ചെലവുകൾക്കായി മൊത്തം ഇൻഷുറൻസ് തുകയ്ക്ക് പുറമേ ഈ തുക ഞങ്ങൾ നൽകും.	
		ആരോഗ്യം വീണ്ടെടുക്കൽ കാലയളവിലെ ആനുകൂല്യം – അപകടം മൂലമുള്ള പരിക്കുകളുടെ ചികിൽസയ്ക്കായുള്ള ആശുപത്രിയിലെ വാസം 30 ദിവസത്തിൽ കവിയുന്നുവെങ്കിൽ ഒറ്റത്തവണയായുള്ള പേയ്മെന്റ് രൂ. 50,000; പോളിസി കാലയളവിൽ, തുടർച്ചയായ ദിവസങ്ങളോ അതിൽ കൂടുതലോ ആശുപത്രിയിൽ പ്രവേശി പ്പിക്കപ്പെട്ടാൽ, പോളിസി കാലയളവിൽ ഓരോ പോളിസി വർഷത്തിലും ഒരിക്കൽ 45 ദിവസത്തേക്ക് രൂ. 1 ലക്ഷവും 60 ദിവസത്തേക്ക് രൂ. 2 ലക്ഷവും ഒറ്റത്തവണ യായുള്ള ആനുകൂല്യം നൽകുന്നു.	
		വരുമാനത്തിലുണ്ടാകുന്ന നഷ്ടം – പരമാവധി 52 ആഴ്ച വരെ ഓരോ ആഴ്ചയും മൊത്തം ഇൻഷുറൻസ് തുകയുടെ 0.5% അല്ലെങ്കിൽ രൂ. 20,000 രൂപ അല്ലെങ്കിൽ യഥാർത്ഥ തുക, ഏതാണോ കുറവ്, ആ തുക. പോളിസി കാലയളവിൽ സംഭവിക്കുന്ന ഒരു അപകടത്തിന്റെ ഫലമായി മാത്രമായും അതിൽ നിന്ന് നേരിട്ടും ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് പരിക്കേൽക്കുകയും അത് ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയെ താൽക്കാലികമായി ഏതെങ്കിലും ജോലിയിലോ തൊഴിലിലോ ഏർപ്പെടുന്നതിൽ നിന്ന് അപ്രാപ്തമാക്കുകയും അതുവഴി വരുമാന നഷ്ടം സംഭവിക്കുകയും ചെയ്താൽ, താൽക്കാലികമായി ആകമാന ശാരീരിക വൈകല്യം തുടരുന്ന കാലയളവിലേക്ക് ഷെഡ്യൂളിൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ ആഴ്ചതോറും തുക ഞങ്ങൾ നൽകും.	

OneProtect - UIN: MAGPAIP25036V012425

ക്രമ നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		ലോൺ സെക്യൂർ – കുടിശ്ശികയുള്ള വായ്പകൾക്കായി മൊത്തം ഇൻഷുറൻസ് തുകയുടെ 25% വരെ. അപകട മരണ ആനുകൂല്യമോ സ്ഥിരമായ ആകമാന ശാരീരിക വൈകല്യമോ ഉണ്ടായാൽ, പോളിസി രേഖയിൽ നിർദ്ദിഷ്ടമാക്കിയിട്ടുള്ള പരിധി വരെ കുടിശ്ശികയുള്ള വായ്പയുടെ തുകയ്ക്ക് പരിരക്ഷ നൽകുന്നു.	
		വിധവാ പരിരക്ഷ – ഓരോ പോളിസിക്കും മൊത്തം ഇൻഷുറൻസ് തുകയുടെ 10% അല്ലെങ്കിൽ പരമാവധി രൂ. 10 ലക്ഷം വരെ, ഏതാണോ കുറവ്, ആ തുക. പോളിസി കാലയളവിൽ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ ജീവിത പങ്കാളിക്ക് അപകടം സംഭവിക്കുകയും, 365 ദിവസത്തിനുള്ളിൽ അത് ജീവിത പങ്കാളിയുടെ മരണത്തിന്റെ ഏക കാരണവും നേരിട്ടുള്ള കാരണവും ആയിത്തീരുകയും ചെയ്യുന്നുവെങ്കിൽ, പോളിസി ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്നതുപോലെ ഞങ്ങൾ ഇൻഷുറൻസ് തുക നൽകും.	
		കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യം – ഓരോ പോളിസി വർഷത്തിലും പരമാവധി 2 കുട്ടികൾക്ക് തുടർച്ചയായി 4 വർഷത്തേക്ക്, മൊത്തം ഇൻഷുറൻസ് തുകയുടെ 10% അല്ലെങ്കിൽ യഥാർത്ഥ തുക അല്ലെങ്കിൽ പരമാവധി രൂ. 10 ലക്ഷം വരെ, ഏതാണോ കുറവ്, ആ തുക. പ്രാഥമികമായി ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി അപകടത്തിൽ മരിച്ചാൽ കുട്ടികളുടെ ട്യൂഷൻ/വിദ്യാഭ്യാസ ചെലവുകൾക്ക് പരിരക്ഷ നൽകുന്നു.	
		താൽക്കാലികമായ ആകമാന വൈകല്യത്തിന്റെ വർദ്ധിത ആനുകൂല്യം – 104 ആഴ്ച വരെ പ്രതിവാരം മൊത്തം ഇൻഷുറൻസ് തുകയുടെ 1% അല്ലെങ്കിൽ യഥാർത്ഥ തുക അല്ലെങ്കിൽ പരമാവധി രൂ. 1,00,000 വരെ, ഏതാണോ കുറവ്, ആ തുക. അപകടം മൂലമുണ്ടാകുന്ന ശാരീരിക വൈകല്യം മൂലമുള്ള ശമ്പള നഷ്ടം നികത്താൻ ഇൻഷുറൻസ് പരിരക്ഷയുള്ളയാൾക്ക് പ്രതിവാര അലവൻസ് നൽകും.	
		വരുമാന നഷ്ടത്തിന്റെ വർദ്ധിതമായ ആനുകൂല്യം – 52 ആഴ്ച വരെ പ്രതി വാരം മൊത്തം ഇൻഷുറൻസ് തുകയുടെ 0.5% അല്ലെങ്കിൽ രൂ. 50,000 അല്ലെങ്കിൽ യഥാർത്ഥ തുകകൾ, ഏതാണോ കുറവ്, ആ തുകകൾ. പോളിസി കാലയളവിൽ സംഭവിക്കുന്ന ഒരു അപകടം മൂലം മാത്രമായും അതിൽ നിന്ന് നേരിട്ടും ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് പരിക്കേൽക്കുകയും തൻമൂലം ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് താൽക്കാലികമായി ഏതെങ്കിലും ജോലിയിലോ തൊഴിലിലോ ഏർപ്പെടാൻ കഴിയാതിരിക്കുകയും അതിലൂടെ വരുമാന നഷ്ടം സംഭവിക്കുകയും ചെയ്യുന്നുവെങ്കിൽ, താൽക്കാലികമായ ആകമാന വൈകല്യം തുടരുന്ന കാലയളവിലേക്ക് ഷെഡ്യൂളിൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ പ്രതിവാര തുക ഞങ്ങൾ നൽകുന്നതാണ്.	
6	**ഒഴിവാക്കലുകൾ** (പോളിസിയിൽ ഉൾപ്പെടാത്തവ)	**നിർദ്ദിഷ്ട ഒഴിവാക്കലുകൾ:** • മദ്യപാനം അല്ലെങ്കിൽ ദുരുപയോഗം ഉൾപ്പെടെയുള്ള ഏതെങ്കിലും തരത്തിലുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം അല്ലെങ്കിൽ ദുരുപയോഗം മൂലമുണ്ടാകുന്ന ആസക്തി നിറഞ്ഞ അവസ്ഥകളുമായും വൈകല്യങ്ങളുമായും ബന്ധപ്പെട്ട പരിക്ക് അല്ലെങ്കിൽ ചികിൽസ. • സാഹസിക കായിക വിനോദങ്ങളിലെ പങ്കാളിത്തം. • ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി ക്രിമിനൽ ഉദ്ദേശ്യത്തോടെ എന്തെങ്കിലും നിയമലംഘനം നടത്തുന്നു അല്ലെങ്കിൽ ഏതെങ്കിലും കലാപങ്ങളിലോ ആഭ്യന്തര ലഹളയിലോ കുറ്റകൃത്യത്തിലോ പങ്കെടുക്കുന്നു. • മനഃപൂർവ്വം സ്വയം മുറിവേൽപ്പിക്കൽ, ആത്മഹത്യ അല്ലെങ്കിൽ ആത്മഹത്യാശ്രമം, മാനസിക നില തെറ്റൽ അല്ലെങ്കിൽ മനോസമ്മർദ്ദം. • ശരീരത്തിന്റ ആന്തരിക ഭാഗങ്ങളിൽ ജന്മനാ ഉണ്ടാകുന്ന തകരാർ അല്ലെങ്കിൽ ശരീരത്തിന്റ ബാഹ്യ ഭാഗങ്ങളിൽ ജന്മനാ ഉണ്ടാകുന്ന തകരാർ പോലെയുള്ള ജൻമ തകരാറുകൾ, ജന്മനാ ഉണ്ടാകുന്ന ആന്തരികമോ ബാഹ്യമോ ആയ രോഗങ്ങൾ, വൈകല്യങ്ങൾ അല്ലെങ്കിൽ അതിന്റെ അനന്തരഫലങ്ങൾ എന്നിവ. • ബാക്ടീരിയ മുഖേനയുള്ള അണുബാധകൾ (അപകടം മൂലമുണ്ടാകുന്ന മുറിവ് അല്ലെങ്കിൽ വ്രണം വഴിയായി ഉണ്ടാകുന്ന പയോജനിക് അണുബാധ ഒഴികെയുള്ളവ).	വിഭാഗം 3.

ക്രമ നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		• അപകടം മൂലം മാത്രവും അതിൽ നിന്ന് നേരിട്ടും ഉണ്ടാകുന്നതല്ലാതെയുള്ള, മറ്റേതെങ്കിലും രോഗമോ അണുബാധയോ മൂലമുണ്ടാകുന്ന രോഗസ്ഥിതി • ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി പ്രസ്താവിക്കുകയും ഞങ്ങൾ സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടില്ലാത്തതും റിസ്ക് വർദ്ധിപ്പിക്കുന്നതിന് കാരണമാകുകയും ചെയ്യുന്ന വിധത്തിൽ, പോളിസി ആരംഭിച്ചതിന് ശേഷമുള്ള തൊഴിലിലെ ഏതെങ്കിലും മാറ്റം. • പോളിസി ഷെഡ്യൂളിൽ ഞങ്ങൾ സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടില്ലാത്തതും പോളിസിക്ക് കീഴിലുള്ള ഞങ്ങളുടെ റിസ്ക് വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നതുമായ വിധത്തിൽ, പോളിസി ആരംഭിച്ചതിന് ശേഷമുള്ള തൊഴിലിലെ ഏതെങ്കിലും മാറ്റം. • അപകടം മൂലം മാത്രവും അതിൽ നിന്ന് നേരിട്ടും ഉണ്ടാകുന്നതും അത്യന്താപേക്ഷിതമായതും അല്ലാതെയുള്ള, മെഡിക്കൽ അല്ലെങ്കിൽ ശസ്ത്രക്രിയാ നടപടിക്രമം • ലൈംഗികമായി സംക്രമിക്കുന്ന ഏതെങ്കിലും രോഗം • ഗർഭധാരണം അല്ലെങ്കിൽ പ്രസവവുമായി ബന്ധപ്പെട്ടതോ അതുമായി ബന്ധം കണ്ടെത്താവുന്നതോ ആയവ. • ലോകത്തെ ഏതെങ്കിലും ഷെഡ്യൂൾ ചെയ്ത എയർലൈനുകളിലെയോ ഷെഡ്യൂൾ ചെയ്ത എയർലൈനുകൾ പ്രവർത്തിപ്പിക്കുന്നതോ സ്വകാര്യ ഉടമസ്ഥതയിലുള്ളതോ ആയ ചാർട്ടേഡ് ചെയ്ത ഏതെങ്കിലും വിമാനത്തിലെയോ ഒരു യാത്രക്കാരനായിട്ടല്ലാതെ (യാത്രക്കൂലി നൽകിക്കൊണ്ട് അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ), ഏതെങ്കിലും ബലൂണിലോ വിമാനത്തിലോ കയറുമ്പോഴോ ഇറങ്ങുമ്പോഴോ യാത്ര ചെയ്യുമ്പോഴോ. • ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി ഏതെങ്കിലും വിമാനം പറത്തുകയോ പറത്തുന്നതിനായി പഠിക്കുകയോ ചെയ്യുന്നതോ അല്ലെങ്കിൽ ഏതെങ്കിലും വിമാനത്തിലോ ഷെഡ്യൂൾ ചെയ്ത എയർലൈനുകളിലോ ക്രൂ അംഗമായി അല്ലെങ്കിൽ എയർലൈൻ ജീവനക്കാരനായി ചുമതലകൾ നിർവഹിക്കുന്നതേ ആയ സാഹചര്യങ്ങളിൽ. • യുദ്ധം അല്ലെങ്കിൽ യുദ്ധം പോലെയുള്ള ഓപ്പറേഷനുകൾ, ആഭ്യന്തരയുദ്ധം, അധിനിവേശം, വിദേശ ശത്രുക്കളുടെ ഇടപെടൽ, വിപ്ലവം, കലാപം, ലഹള, ഭീകരവാദം, സൈനികമായ രീതിയിലോ അട്ടിമറിയിലൂടെയോ അധികാരം, പിടിച്ചെടുക്കൽ, പിടികൂടൽ, അറസ്റ്റ്, നിയന്ത്രണം, അല്ലെങ്കിൽ തടങ്കലിൽ വയ്ക്കൽ, കണ്ടുകെട്ടൽ, അല്ലെങ്കിൽ ഏതെങ്കിലും സർക്കാരിന്റെയോ പൊതു അധികൃതരുടെയോ ഉത്തരവ് പ്രകാരം അല്ലെങ്കിൽ അതിനു കീഴിൽ സ്വകാര്യ സ്വത്ത് പൊതു മുതലാക്കി മാറ്റൽ അല്ലെങ്കിൽ സ്വകാര്യ ഉടമസ്ഥതയിലുള്ളവ ആവശ്യപ്പെടൽ. • നഷ്ടം സംഭവിക്കുന്നതിന് ഒരേസമയം തന്നെ അല്ലെങ്കിൽ മറ്റേതെങ്കിലും സമയക്രമങ്ങളിൽ കാരണമാകുന്ന മറ്റേതെങ്കിലും കാരണമായാലും സംഭവം ആയാലും അവ കണക്കിലെടുക്കാതെ, ആണവ, രാസ, ജൈവീക ഭീകര പ്രവർത്തനവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു നടപടി. • റേഡിയോ ആക്റ്റീവ്, കെമിക്കൽ, ന്യൂക്ലിയർ മലിനീകരണം, അല്ലെങ്കിൽ അയോണൈസിംഗ് റേഡിയേഷൻ. • ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ നാവിക, വ്യോമസേന അല്ലെങ്കിൽ സൈനിക പ്രവർത്തനങ്ങളുടെ ഏതെങ്കിലും ശാഖയിലോ ഏതെങ്കിലും അർദ്ധസൈനിക സേനയിലോ ഉള്ള എന്തെങ്കിലും പങ്കാളിത്തമോ ഇടപെടലോ. • ഏതെങ്കിലും ഒരു പോളിസി കാലയളവിൽ പോളിസിക്ക് കിഴിൽ ഒന്നിലധികം ക്ലെയിം ഉണ്ടാകുകയും ആ കാലയളവിലെ ഞങ്ങളുടെ പരമാവധി ബാദ്ധ്യത മൊത്തം ഇൻഷുറൻസ് പരിരക്ഷയുടെ തുകയേക്കാൾ കവിയുകയും ചെയ്യുന്ന സാഹചര്യത്തിൽ. ഓപ്ഷണൽ കവറുകൾക്ക് കീഴിൽ നൽകപ്പെടുന്ന പേയ്മെന്റുകൾക്ക് ഇത് ബാധകമല്ല.	

OneProtect - UIN: MAGPAIP25036V012425

ക്രമ നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		• ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ അതേ വീട്ടിൽ താമസിക്കുന്ന ഒരു വ്യക്തിയോ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ അടുത്ത ബന്ധത്തിലുള്ള കുടുംബാംഗമോ നൽകുന്ന ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ സർട്ടിഫിക്കേഷൻ. • അനുബന്ധത്തിൽ നോൺ-മെഡിക്കൽ ചെലവുകളുടെ പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള (അതിൽ പരാമർശിച്ചിരിക്കുന്നതൊഴിച്ചുള്ളവ) ഏതെങ്കിലും ചെലവുകൾ • അണ്ടർറൈറ്റിംഗിൽ ബാധകമാക്കിയിട്ടുള്ളവയും നിങ്ങൾ/ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി സമ്മതം നൽകിയിട്ടുള്ളതുമായ, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി വെളിപ്പെടുത്തിയിട്ടുള്ള, നിലവിലെ രോഗങ്ങൾ. **കുറിപ്പ്:** മുകളിൽ പറഞ്ഞിരിക്കുന്നത് പോളിസിയിൽ ഒഴിവാക്കപ്പെട്ടിരിക്കുന്നവയുടെ ഒരു ഭാഗിക പട്ടികയാണ്. ഒഴിവാക്കലുകളുടെ പൂർണ്ണമായ പട്ടികയ്ക്കായി ദയവായി പോളിസി രേഖയിലെ വാചകങ്ങൾ പരിശോധിക്കുക.	
7	**കാത്തിരിപ്പ് കാലയളവ്**	• ബാധകമല്ല	
8	**പരിരക്ഷയുടെ സാമ്പത്തിക പരിധികൾ**	• മുകളിൽ പരാമർശിച്ചിട്ടുള്ളതു പോലെ നിർദ്ദിഷ്ട പരിധി വരെ പരിരക്ഷ നൽകപ്പെടുന്ന, അപകടവുമായി ബന്ധപ്പെട്ട മെഡിക്കൽ ചെലവുകൾ മടക്കി നൽകുന്നതിന്റെ വിവരങ്ങൾ ആനുകൂല്യങ്ങളുടെ ക്രമത്തിൽ • മുകളിൽ പരാമർശിച്ചിട്ടുള്ളതു പോലെ നിർദ്ദിഷ്ട പരിധി വരെ പരിരക്ഷ നൽകപ്പെടുന്ന, ഒറ്റത്തവണയായി നൽകുന്ന ആനുകൂല്യങ്ങളുടെ തുക അല്ലെങ്കിൽ പേയ്മെന്റ് നൽകുന്നതിന്റെ വിവരങ്ങൾ ആനുകൂല്യങ്ങളുടെ ക്രമത്തിൽ	
9	**ക്ലെയിമുകൾ/ക്ലെയിം നടപടിക്രമം**	ക്ലെയിമിനെക്കുറിച്ച് അറിയിക്കൽ: ഈ പോളിസി പ്രകാരം ക്ലെയിം ഉന്നയിക്കുന്നതിന് കാരണമായേക്കാവുന്ന ഏതെങ്കിലും പരിക്ക് സംഭവിച്ചാലോ അല്ലെങ്കിൽ എന്തെങ്കിലും രോഗാവസ്ഥ ഉണ്ടാകുന്നുവെങ്കിലോ, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയോ അല്ലെങ്കിൽ അയാൾക്ക് വേണ്ടി പ്രവർത്തിക്കുന്ന മറ്റാരെങ്കിലുമോ ഞങ്ങളെ ഉടൻ അറിയിക്കണം. • ക്ലെയിം 1800 266 3202 എന്ന നമ്പറിൽ കോൾ സെന്ററിൽ അറിയിക്കാം • നിങ്ങളുടെ ക്ലെയിമിനെക്കുറിച്ച് അറിയിക്കുമ്പോൾ പോളിസി വിശദാംശങ്ങൾ നൽകുന്നതിന് അഭ്യർത്ഥിക്കുന്നു. • ക്ലെയിമിനെക്കുറിച്ച് അറിയിക്കുന്ന സമയത്ത് സംഭവത്തിന്റെ തീയതി, സമയം, കാരണം എന്നിവ നൽകേണ്ടതാണ്. • മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിനായി, കഴിയുന്നത്രയും ഞങ്ങളുടെ കോൾ സെന്റർ മുഖേന ക്ലെയിമുകൾ അറിയിക്കുന്നതിന് അഭ്യർത്ഥിക്കുന്നു. ക്ലെയിം സമർപ്പിക്കൽ: ഇൻഷുറൻസ് പരിരക്ഷ എടുത്ത വ്യക്തി പ്രസക്തമായ എല്ലാ ക്ലെയിം രേഖകളും സമർപ്പിക്കണം, കൂടാതെ ക്ലെയിമുകൾ, സാഹചര്യത്തിനനുസരിച്ച്, അറിയിക്കുന്ന (ആവശ്യമായ രേഖകൾക്കൊപ്പം) തീയതി മുതൽ 15 ദിവസത്തിനുള്ളിൽ തീർപ്പാക്കുകയോ നിരസിക്കുകയോ ചെയ്യും. ക്ലെയിമിന്റെ പേയ്മെന്റ് • ക്ലെയിം വഞ്ചനാപരമോ വഞ്ചനാപരമായ മാർഗ്ഗങ്ങളിലൂടെ പിന്തുണയ്ക്കപ്പെടുന്നതോ ആണെങ്കിൽ ഒരു ബാദ്ധ്യതയും സ്വീകരിക്കില്ല. • ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയോ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ പേരിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും വ്യക്തിയോ, സാഹചര്യമനുസരിച്ച്, ക്ലെയിമുമായി ബന്ധപ്പെട്ട് ഞങ്ങൾ ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും അവരുടെ ചെലവിൽ നൽകേണ്ടതും ആവശ്യമായി വന്നേക്കാവുന്ന എല്ലാ ന്യായമായ സഹകരണവും സഹായവും അയാൾ/അവർ ഞങ്ങൾക്ക് നൽകേണ്ടതും ആണ്. • ആവശ്യമെങ്കിൽ, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയോ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ പേരിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും വ്യക്തിയോ, സാഹചര്യമനുസരിച്ച്, ഞങ്ങളുടെ ചെലവിൽ മെഡിക്കൽ പ്രാക്ടീഷണറിൽ നിന്ന് മെഡിക്കൽ റിപ്പോർട്ടുകൾ നേടുന്നതിന് സമ്മതം നൽകേണ്ടതാണ്.	വിഭാഗം 4.

ക്രമ നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		• ഞങ്ങൾ ആവശ്യപ്പെടുന്നുവെങ്കിൽ, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി ഞങ്ങളുടെ ചെലവിൽ ഞങ്ങൾ നിർദ്ദേശിക്കുന്ന വൈദ്യ ചികിൽസകന്റെ അടുത്ത് വൈദ്യ പരിശോധനയ്ക്ക് വിധേയമാകുന്നതിന് സമ്മതിക്കണം. • ഈ പോളിസി പ്രകാരമുള്ള എല്ലാ ക്ലെയിമുകളും ഇൻഡ്യൻ രൂപയിൽ ആയിരിക്കും നൽകപ്പെടുന്നത്. • മുകളിൽ പ്രസ്താവിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ എല്ലാ ക്ലെയിമുകളും ഞങ്ങളെ അറിയിക്കണം. അറിയിപ്പിലുണ്ടാകുന്ന കാലതാമസം സത്യസന്ധമായ കാരണങ്ങളാലാണെന്നും പോളിസി ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെയോ നോമിനിയുടെയോ അല്ലെങ്കിൽ ക്ലെയിം ഉന്നയിക്കുന്ന വ്യക്തിയുടേയോ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ ഉണ്ടായതാണെന്നും തെളിയിക്കപ്പെടുന്ന സാഹചര്യങ്ങളിൽ, അത്തരം കാലതാമസം ഞങ്ങൾ പൊറുക്കുകയും ക്ലെയിമിന്റെ തുടർ നടപടിക്രമങ്ങൾ നടത്തുകയും ചെയ്യാം. • ഇൻഷുറൻസ് തുക നൽകുന്നതിന് വൈകിയാൽ, ക്ലെയിം ഞങ്ങൾ അവലോകനം ചെയ്യുന്ന സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ നിലവിലുള്ള ബാങ്ക് നിരക്കിനേക്കാൾ 2% കൂടുതൽ പലിശ നൽകാൻ ഞങ്ങൾ ബാദ്ധ്യസ്ഥരായിരിക്കും. ക്ലെയിം രേഖകൾ പോളിസിക്ക് കീഴിൽ ക്ലെയിം ഉന്നയിക്കുന്ന സംഭവം നടന്ന് 30 ദിവസത്തിനുള്ളിൽ വിവിധ പരിരക്ഷകൾക്ക് വേണ്ടിയുള്ള ക്ലെയിം രേഖകൾ നിങ്ങളുടെ സ്വന്തം/ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ ചെലവിൽ ഞങ്ങൾക്ക് നൽകണം. ക്ലെയിം അറിയി ക്കുന്നതിൽ ഒപ്പം/അല്ലെങ്കിൽ ക്ലെയിം രേഖകൾ സമർപ്പിക്കുന്നതിൽ ഉള്ള കാലതാമസം സത്യസന്ധമായ കാരണങ്ങളാലാണെന്നും ക്ലെയിം ഉന്നയിക്കുന്ന വ്യക്തിയുടെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ ഉണ്ടായതാണെന്നും തെളിയിക്കപ്പെടുന്ന സാഹചര്യങ്ങളിൽ, അത്തരം കാലതാമസം ഞങ്ങൾ പൊറുക്കുകയും ക്ലെയിമിന്റെ തുടർ നടപടിക്രമങ്ങൾ നടത്തുകയും ചെയ്യാം. പോളിസി വാചകങ്ങളിൽ പരാമർശിച്ചിരിക്കുന്നതുപോലെ ക്ലെയിം രേഖകൾക്കായി ദയവായി അനുബന്ധം കാണുക. ക്ലെയിം ഫോമുകൾ https://www.magmainsurance.com/downloads -ൽ നിന്ന് ഡൗൺലോഡ് ചെയ്യാം. ക്ലെയിം രേഖകൾ സമർപ്പിക്കേണ്ട വിലാസം: മാഗ്മ ജനറൽ ഇൻഷുറൻസ് ലിമിറ്റഡ്, യൂണിറ്റ് നമ്പർ 63, 6-ാം നില, ഡെർ ഡ്യൂഷേ പാർക്ക്സ്, നാഹൂർ റെയിൽവേ സ്റ്റേഷന് സമീപം, ഭാണ്ഡൂപ്പ്, മുംബൈ 400078 ക്ലെയിം സംബന്ധിച്ച സഹായത്തിനായി ഞങ്ങളെ വിളിക്കുക: 1800 266 3202 ക്ലെയിം പേയ്മെന്റ് ക്ലെയിം വഞ്ചനാപരമോ വഞ്ചനാപരമായ മാർഗ്ഗങ്ങളിലൂടെ പിന്തുണയ്ക്കപ്പെടുന്നതോ ആണെങ്കിൽ പോളിസിക്ക് കീഴിൽ ഒരു ബാദ്ധ്യതയും സ്വീകരിക്കില്ല. ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയോ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ പേരിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും വ്യക്തിയോ, സാഹചര്യമനുസരിച്ച്, ക്ലെയിമുമായി ബന്ധപ്പെട്ട് ഞങ്ങൾ ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും അവരുടെ ചെലവിൽ നൽകേണ്ടതും ആവശ്യമായി വന്നേക്കാവുന്ന എല്ലാ ന്യായമായ സഹകരണവും സഹായവും അയാൾ/അവർ ഞങ്ങൾക്ക് നൽകേണ്ടതും ആണ്. ആവശ്യമെങ്കിൽ, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയോ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ പേരിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും വ്യക്തിയോ, സാഹചര്യമനു സരിച്ച്, ഞങ്ങളുടെ ചെലവിൽ മെഡിക്കൽ പ്രാക്ടീഷണറിൽ നിന്ന് മെഡിക്കൽ റിപ്പോർട്ടുകൾ നേടുന്നതിന് സമ്മതം നൽകേണ്ടതാണ്.	

ക്രമ നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		ഞങ്ങൾ ആവശ്യപ്പെടുന്നുവെങ്കിൽ, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി ഞങ്ങളുടെ ചെലവിൽ ഞങ്ങൾ നിർദ്ദേശിക്കുന്ന വൈദ്യ ചികിൽസകന്റെ അടുത്ത് വൈദ്യ പരിശോധനയ്ക്ക് വിധേയമാകുന്നതിന് സമ്മതിക്കണം. ഈ പോളിസി പ്രകാരമുള്ള എല്ലാ ക്ലെയിമുകളും ഇൻഡ്യൻ രൂപയിൽ ആയിരിക്കും നൽകപ്പെടുന്നത്.	
10	**പോളിസി സർവീസിംഗ്**	**കമ്പനി ഉദ്യോഗസ്ഥർ:** ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് ഏതെങ്കിലും വിധത്തിൽ പരാതിയുണ്ടായാൽ, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് 800 266 3202 എന്ന നമ്പറിൽ ഞങ്ങളുമായി ബന്ധപ്പെടാവുന്നതാണ്. മേൽവിലാസം: പ്രവർത്തി സമയങ്ങളിൽ ഞങ്ങളുടെ ഏതെങ്കിലും ശാഖാ ഓഫീസുകളിലോ കോർപ്പറേറ്റ് ഓഫീസിലോ ബ്രാഞ്ച് ഓഫീസുകളുടെ പട്ടിക www.magmainsurance.com-ൽ കാണാവുന്നതാണ്.	വിഭാഗം 4
11	**ആവലാതികൾ/ പരാതികൾ**	**പരാതി പരിഹാര ഉദ്യോഗസ്ഥർ:** ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് ഏതെങ്കിലും വിധത്തിലുള്ള പരാതിയുണ്ടായാൽ, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് ഞങ്ങളെ ഇനിപ്പറയുന്ന വിധത്തിൽ ബന്ധപ്പെടാം: ഇ-മെയിൽ: Gro@magmainsurance.com ഞങ്ങളെ വിളിക്കുക: 1800 266 3202 **ഐആർഡിഎഐ ഗ്രീവൻസ് കോൾ സെന്റർ:** ടോൾ ഫ്രീ നമ്പർ: 155255 അല്ലെങ്കിൽ 1800 4254 732 സമയക്രമങ്ങൾ: രാവിലെ 8 മുതൽ രാത്രി 8 വരെ (തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ). നൽകപ്പെട്ട പരിഹാരത്തിൽ നിങ്ങൾക്ക് തൃപ്തിയില്ലെങ്കിൽ, ഐആർഡിഎഐ-യുടെ ഓൺലൈൻ പോർട്ടലായ Bima Bharosa System - https://bimabharosa.irdai.gov.in/-ൽ നേരിട്ട് പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്. **ഓംബുഡ്സ്മാൻ:** തീരുമാനത്തിൽ/പരിഹാരത്തിൽ നിങ്ങൾക്ക് അപ്പോഴും തൃപ്തിയില്ലെങ്കിൽ, പരാതി ഫയൽ ചെയ്ത തീയതി മുതൽ 30 ദിവസത്തെ നിശ്ചിത കാലയളവ് കഴിഞ്ഞാൽ നിങ്ങൾക്ക് ഇൻഷുറൻസ് ഓംബുഡ്സ്മാന്റെ ഓഫീസിനെ സമീപിക്കാം. അപ്ഡേറ്റ് ചെയ്ത സ്റ്റാറ്റസിനായി, ദയവായി www.irdai.gov.in അല്ലെങ്കിൽ https://www.cioins.co.in എന്ന വെബ്സൈറ്റുകൾ സന്ദർശിക്കുക.	വിഭാഗം 4
12	**ഓർമ്മിക്കേണ്ട കാര്യങ്ങൾ**	• **ഫ്രീ ലുക്ക് കാലയളവ്:** നിങ്ങൾക്ക് പോളിസി ലഭിക്കുന്ന തീയതി മുതൽ 30 ദിവസങ്ങൾ പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും അവലോകനം ചെയ്യുന്നതിനായി നിങ്ങൾക്ക് ലഭിക്കുന്നതാണ്. • **പോളിസി പുതുക്കൽ:** ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ തെളിയിക്കപ്പെട്ട തട്ടിപ്പ്, വിവരങ്ങൾ വെളിപ്പെടുത്താതിരിക്കൽ അല്ലെങ്കിൽ തെറ്റിദ്ധാരണാജനകമായ വിവരങ്ങൾ നൽകൽ എന്നീ സാഹചര്യങ്ങളിൽ ഒഴികെ പോളിസി സാധാരണയായി പുതുക്കാവുന്നതാണ്. • **മൈഗ്രേഷനും പോർട്ടബിലിറ്റിയും:** മറ്റൊരു കമ്പനിയിൽ നിന്ന് നിങ്ങൾക്ക് നിലവിലുള്ള ആരോഗ്യ ഇൻഷുറൻസ് പോളിസിയിൽ നിന്നോ മാഗ്മ ജനറൽ ഇൻഷുറൻസ് ലിമിറ്റഡിന്റെ നിലവിലുള്ള ഉൽപ്പന്നത്തിൽ നിന്നോ നിങ്ങൾക്ക് മൈഗ്രേറ്റ് ചെയ്യാനോ പോർട്ട് ചെയ്യാനോ കഴിയും. • **മൊത്തം ഇൻഷുറൻസ് തുകയിലെ വർദ്ധനവ്:** പോളിസി പുതുക്കുന്ന സമയത്ത് മൊത്തം ഇൻഷുറൻസ് തുകയിലെ വർദ്ധിപ്പിക്കുന്നതിനായി നിങ്ങൾക്ക് ആവശ്യപ്പെടാവുന്നതാണ്. എന്നാൽ, ഇത് സ്വീകരിക്കപ്പെടുന്നത് കമ്പനിയുടെ അണ്ടർറൈറ്റിംഗ് മാർഗ്ഗരേഖകൾക്ക് വിധേയമായിട്ടായിരിക്കും.	വിഭാഗം 4

ക്രമ നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		• **മൊറട്ടോറിയം കാലയളവ്:** ആരോഗ്യ ഇൻഷുറൻസ് പോളിസിയിൽ തുടർച്ചയായി അറുപത് മാസത്തെ പരിരക്ഷ പൂർത്തിയാക്കിയ ശേഷം, തട്ടിപ്പ് തെളിയിക്കപ്പെടുന്ന ഒരു സാഹചര്യത്തിലൊഴികെ, വിവരങ്ങൾ വെളിപ്പെടുത്താതിരിക്കൽ അല്ലെങ്കിൽ തെറ്റിദ്ധാരണാജനകമായ വിവരങ്ങൾ നൽകൽ എന്നിവയുടെ അടിസ്ഥാനത്തിൽ ഇൻഷുറൻസ് ദാതാവിന് ഒരു പോളിസിയ്ക്കും ക്ലെയിമിനും എതിരേ തർക്കമുന്നയിക്കുവാൻ കഴിയുന്നതല്ല. തുടർച്ചയായ അറുപത് മാസത്തെ ഈ കാലയളവിനെ മൊറട്ടോറിയം കാലയളവ് എന്ന് വിളിക്കുന്നു. ആദ്യ പോളിസിയുടെ ഇൻഷുറൻസ് പരിരക്ഷയുടെ മൊത്തം തുകകൾക്ക് മൊറട്ടോറിയം ബാധകമാകും. ഇൻഷുറൻസ് പരിരക്ഷയുടെ മൊത്തം തുക വർദ്ധിപ്പിക്കുമ്പോഴെല്ലാം, വർദ്ധിപ്പിക്കുന്ന തീയതി മുതൽ, വർദ്ധിപ്പിച്ച തുകയുടെ പരിധികൾക്ക് മാത്രം തുടർച്ചയായ അറുപത് മാസത്തെ പൂർത്തീകരണം എന്ന വ്യവസ്ഥ ബാധകമായിരിക്കും.	
13	**നിങ്ങളുടെ ഉത്തരവാദിത്തം**	**വിവരങ്ങൾ വെളിപ്പെടുത്തൽ:** പോളിസി ഉടമ തെറ്റിദ്ധാരണാജനകമായ വിവരങ്ങൾ നൽകുകയോ വിവരങ്ങൾ തെറ്റായി നൽകുകയോ വെളിപ്പെടുത്താതിരിക്കൽ അല്ലെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും നിർണ്ണായക വസ്തുതകൾ വെളിപ്പെടുത്താതിരിക്കുകയോ ചെയ്താൽ പോളിസി അസാധുവാകുകയും അതിനായി അടച്ച എല്ലാ പ്രീമിയവും കമ്പനിക്ക് അടിയറ വെക്കുകയും ചെയ്യും. (വിശദീകരണം: ഈ പോളിസിയുടെ ഉദ്ദേശ്യത്തിനായി "നിർണ്ണായക വസ്തുതകൾ" എന്നത് അർത്ഥമാക്കുന്നത്, അപകടസാദ്ധ്യത അണ്ടർറൈറ്റ് ചെയ്യുന്ന സാഹചര്യത്തിൽ വിവരങ്ങൾ പൂർണ്ണമായി മനസ്സിലാക്കിക്കൊണ്ടുള്ള ഒരു തീരുമാനം എടുക്കാൻ കഴിയുന്നതിന് കമ്പനിയെ പ്രാപ്തമാക്കുന്നതിനായി, പ്രൊപ്പോസൽ ഫോമിലും മറ്റ് അനുബന്ധ രേഖകളിലും കമ്പനി ആവശ്യപ്പെടുന്ന എല്ലാ പ്രസക്ത വിവരങ്ങളുമാണ്). ഒരു പോളിസി വാങ്ങുന്നതിന് മുൻപ് ഇപ്പോഴുള്ള എല്ലാ രോഗത്തെ/ങ്ങളെ ക്കുറിച്ച് അല്ലെങ്കിൽ രോഗസ്ഥിതിയെ/കളെക്കുറിച്ച് ദയവായി വെളിപ്പെടുത്തുക. വിവരങ്ങൾ വെളിപ്പെടുത്താതിരിക്കുന്നത് ക്ലെയിം സെറ്റിൽമെന്റിനെ ബാധിച്ചേക്കാം.	വിഭാഗം 4

നിയമപര നിരാകരണ കുറിപ്പ്: ഈ വിവരങ്ങൾ ഉൽപ്പന്ന ബ്രോഷറിനും പോളിസി രേഖയ്ക്ക് ഒപ്പം വായിക്കേണ്ടതാണ്. സിഐഎസ്-ഉം പോളിസി രേഖയും തമ്മിൽ എന്തെങ്കിലും വൈരുദ്ധ്യമുണ്ടായാൽ, പോളിസി രേഖയിൽ പരാമർശിച്ചിരിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അന്തിമ സാധുതയുണ്ടായരിക്കും. നിലനിൽക്കും. ഈ ലിങ്കിൽ രേഖകൾ വായിക്കാവുന്നതാണ്: https://www.magmahdi.com/downloads

പോളിസി ഉടമയുടെ സത്യപ്രസ്താവന:

മുകളിൽ നൽകിയിരിക്കുന്നവ ഞാൻ വായിച്ചുവെന്നും വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും സ്ഥിരീകരിക്കുന്നു.

സ്ഥലം: ____________________

തീയതി:____________________

____

(പോളിസി ഉടമയുടെ ഒപ്പ്)

കുറിപ്പ്: എന്തെങ്കിലും വൈരുദ്ധ്യമുണ്ടായാൽ, പോളിസി രേഖയിൽ പരാമർശിച്ചിരിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അന്തിമ സാധുതയുണ്ടായരിക്കും.

OneProtect - UIN: MAGPAIP25036V012425